## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2525** — **12/06/2018-ൽ മറുപടിയ്ക്ക്**

# കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നബാർഡ് മുന്നോട്ട് വച്ചിട്ടുള്ള നിബന്ധനകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**ശ്രീ. സി.കെ.നാണു**<br>**ശ്രീ. കോവൂർ കുഞ്ഞുമോൻ**<br>**ശ്രീ. കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷ റിസർവ്വ് ബാങ്കിൽ സമർപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം തന്നെ കേരള സഹകരണ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ടിട്ടുള്ള താഴെ പറയുന്ന മറ്റ് നടപടികളും തുടർന്ന് വരുന്നു.<br><br>1) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.<br>2) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | 3) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിനു വേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>4) ജില്ലാ സഹകരണ ബാങ്കുകളിലെയും സംസ്ഥാന സഹകരണ ബാങ്കിലെയും ജീവനക്കാരെ ഈ മാറ്റത്തിന് തയ്യാറെടുപ്പിക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 200 ഓളം ഉന്നത ഉദ്യോഗസ്ഥന്മാർക്ക് മാനേജ്മെന്റ് മാറ്റത്തെക്കുറിച്ചും ബിഹേവിയറൽ സയൻസിനെക്കുറിച്ചും ഒരാഴ്ച നീണ്ടു നൽകുന്ന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ ബാങ്കിലെ ജീവനക്കാരുടെ ഏകീകരണം, അവരുടെ സേവന വേതന വ്യവസ്ഥകൾ, മാനവ വിഭവ ശേഷിയുമായി ബന്ധപ്പെട്ട മറ്റു നയപരമായ രേഖകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br><br>5) സഹകരണ മേഖലയിൽ രൂപീകൃതമാകുന്ന ആധുനിക സാങ്കേതികവിദ്യയിലൂന്നിയ പുതിയ ബാങ്കിന്റെ രൂപഘടന, അതു നൽകാനുദ്ദേശിക്കുന്ന ബാങ്കിംഗ് സൗകര്യങ്ങളും സേവനങ്ങളും എങ്ങനെയുള്ളതായിരിക്കണം എന്നിവ രൂപകൽപ്പന ചെയ്യുന്നതിന് സഹായകമായി ഈ മേഖലയിലെ വിദഗ്ധരുമായി കൂടിക്കാഴ്ചകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിൽ നബാർഡ് എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ട് വെച്ചിട്ടുള്ളത്, വിശദമാക്കുമോ: | (ബി) | സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ചുകൊണ്ടുള്ള കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ഉപാധികൾ വച്ചിട്ടുള്ളതായി നബാർഡിൽ നിന്ന് യാതൊരു അറിയിപ്പും ഇതുവരെ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ നിബന്ധനകളെ മറികടക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | (സി) | ബാധകമല്ല. |
| (ഡി) | ബാങ്ക് രൂപീകരണത്തിൽ മറ്റെന്തൊക്കെ പ്രതിബന്ധങ്ങളാണ് മുന്നിലുള്ളതെന്ന് അറിയിക്കുമോ; | (ഡി) | കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രതിബന്ധങ്ങൾ ഇപ്പോൾ മുന്നിലില്ല. |
| (ഇ) | കേരള ബാങ്കിന്റെ മൂലധന സ്വരൂപണം, ബാങ്കിനെ രജിസ്റ്റർ ചെയ്യാനുള്ള നിയമപരമായ മറ്റു നടപടികൾ എന്നിവ ഏത് നിലയിലാണെന്ന് വെളിപ്പെടുത്തുമോ? | (ഇ) | കേരള സഹകരണ ബാങ്കിന്റെ മൂലധന സ്വരൂപണം സംബന്ധിച്ചും ബാങ്കിനെ രജിസ്റ്റർ ചെയ്യാനുള്ള നിയമപരമായ മറ്റ് നടപടികളും കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് ആർ.ബി.ഐ യിൽ നിന്നും തത്വത്തിൽ അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ